**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 229** **27-06-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ഗവ. ആയുർവേദ ആശുപത്രിയിൽ ക്ലാർക്ക് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ഗവൺമെൻറ് ആയുർവേദ ആശുപത്രിയിൽ ക്ലാർക്ക് തസ്തിക നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോയെന്നും ജോലി ചെയ്യുന്നില്ലെങ്കിൽ തസ്തിക ഒഴിഞ്ഞുകിടക്കാൻ കാരണമെന്താണെന്നും എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നു എന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ടി തസ്തികയിൽ നിയമിക്കപ്പെട്ട ക്ലാർക്ക് പുനർവിന്യാസം വഴി കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിൽ 02.11.2020 മുതൽ ജോലി ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത തസ്തിക പുനർവിന്യാസം വഴി കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലേക്ക് മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നടപടിക്കുള്ള അടിയന്തിര സാഹചര്യം എന്തായിരുന്നുവെന്നും ആരുടെ ഉത്തരവിന്മേലായിരുന്നു നടപടിയെന്നും വ്യക്തമാക്കാമോ; | (ബി) | അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യാസ വ്യവസ്ഥയിൽ നിയമിക്കുന്നതു സംബന്ധിച്ച് 15.11.2019-ലെ സ.ഉ. (സാധാ) നം. 2576/2019/തസ്വഭവ പ്രകാരമാണ് ടി ക്ലാർക്കിനെ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലേക്ക് പുനർവിന്യസിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ക്ലറിക്കൽ ജോലി ആരാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ക്ലാർക്കിന്റെ അഭാവത്തിൽ മെഡിക്കൽ ഓഫീസറും ഫാർമസിസ്റ്റുമാണ് ക്ലറിക്കൽ ജോലി ചെയ്തു വരുന്നത്. |
| (ഡി) | കാസർകോട് ഗവ. ആയുർവേദ ആശുപത്രിയിൽ ക്ലാർക്കിനെ എപ്പോൾ നിയമിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ കാലാവധി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ മാതൃവകുപ്പിൽ നിയമനം നൽകാൻ കഴിയുകയുള്ളൂ. |
| (ഇ) | പ്രസ്തുത സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ ഡോ. മുഹമ്മദ് ഇംതിയാസിനെ സ്ഥലം മാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പകരം ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ; തിരുവനന്തപുരം നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. സജിയെയാണോ പകരം നിയമിച്ചതെന്നു അറിയിക്കാമോ; | (ഇ) | ഉണ്ട്. പകരം നിയമിച്ചിട്ടുള്ളത് ഡോ. പി.ആർ. സജിയെയാണ്. |
| (എഫ്) | ഇക്കാര്യത്തിൽ സർക്കാർ | (എഫ്) | നിലവിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികൾ വ്യക്തമാക്കാമോ? | | കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ മാതൃവകുപ്പിൽ നിയമനം നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ